# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1467** **03.12.2015- ൽ മറുപടിക്ക്**

## തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. ശിവൻകുട്ടി** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകളുടെ സംയുക്ത സംരംഭമായി നടപ്പാക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; പദ്ധതിക്കാവശ്യമായ മൊത്തം തുക എത്ര; ഇതിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുക എത്ര; സംസ്ഥാനം ചെലവഴിക്കുന്ന തുക എത്ര; ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി വരുന്ന തുക എത്ര; അതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഇല്ല. പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ മൊത്തം തുക 6728 കോടി രൂപയാണ്. കേന്ദ്ര ഗവൺമെന്റ് തുകയൊന്നും അനുവദിച്ചിട്ടില്ല. സംസ്ഥാനം ചെലവാക്കേണ്ട തുക ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 1619 കോടി രൂപയും, ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി വരുന്ന തുക 341 കോടി രൂപയുമാണ്. 2015 -16 ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ തിരുവനന്തപുരം - കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്കായി ഒരു ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. അധികമായി വേണ്ടി വരുന്ന തുക, "മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട്" എന്ന പുതിയ ശീർഷകത്തിൽ നിന്നും ലഭ്യമാക്കുന്നതാണ്. |
| (ബി) | കേന്ദ്രാനുമതിക്കായി അപേക്ഷിക്കാൻ തീരുമാനം എടുത്തത് എന്നായിരുന്നു; അപേക്ഷ സമർപ്പിച്ചത് എപ്പോൾ; കേന്ദ്രാനുമതി ലഭിച്ചത് എപ്പോൾ; വിശദമാക്കാമോ? | (ബി) | 29.07.2015-ന് കൂടിയ മന്ത്രിസഭാ യോഗത്തിലാണ് കേന്ദ്രാനുമതിക്കായി അപേക്ഷിക്കാൻ തീരുമാനിച്ചത്. 12.08.2015-നാണ് കേന്ദ്രാനുമതിക്കായി വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചത്. ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ